സെന്റ്. സ്റ്റീഫൻസ്
ഹയർ സെക്കന്ററി സ്കൂൾ
കീരംപാറ

# മാസ്റ്റർപ്ലാൻ

# 2025-26

## വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | SSHSS Keerampara |
| വിലാസം | - | Keerampara P.O |
| | | എറണാകുളം 686681 |
| ഫോൺ | - | 0485 2570136 |
| സ്കൂൾ കോഡ് | - | 27026 |
| വിദ്യാഭ്യാസ ഉപജില്ല | - | കോതമംഗലം |
| വിദ്യാഭ്യാസ ജില്ല | - | കോതമംഗലം |
| റവന്യൂ ജില്ല | - | എറണാകുളം |
| ബി.ആർ.സി | - | കോതമംഗലം |
| പഞ്ചായത്ത് | - | കീരംപാറ |
| നിയമസഭാ മണ്ഡലം | - | കോതമംഗലം |
| ലോകസഭാ മണ്ഡലം | - | ഇടുക്കി |
| താലൂക്ക് | - | കോതമംഗലം |
| വില്ലേജ് | - | കീരംപാറ |
| ഇ- മെയിൽ | - | keerampara27026@yahoo.in |

സെന്റ് സ്റ്റീഫൻസ് ഗേൾസ് ഹൈ സ്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീമതി. അജി കെ പോൾ ഈ സ്കൂളിലേക്ക് 2020 ഫെബ്രുവരിയിൽ ട്രാൻസ്ഫർ ആയി വരികയും ഹെഡ്മാസ്റ്ററായി ചാർജ് എടുക്കുകയും അധ്യാപകരെയും അനധ്യാപകരെയും ഒന്നിച്ച് നിർത്തി ഉന്നത വിജയം നേടുന്നതിനും പുരോഗതിയിലേക്ക് നയിക്കുന്നതിനും പരിശ്രമിച്ച് കൊണ്ടിരിക്കുന്നു.

2023 ഏപ്രിൽ 1-ന് ശ്രീ. എം. പി മത്തായികുഞ്ഞ് മാനേജരായി തെരഞ്ഞെടുക്കപ്പെട്ടു. സ്കൂളിന്റെ അക്കാദമിക കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വളരെയധികം ശ്രദ്ധ ചെലുത്തുന്ന വ്യക്തിയാണ് മാനേജർ. സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്. 2023 ഏപ്രിൽ 1-ന് മുതൽ 2026 മാർച്ച് 31 വരെയാണ് അദ്ദേഹത്തെ മാനേജരായി നിയമിച്ചിട്ടുള്ളത്.

നാൾ തോറും ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കുന്ന സ്കൂളിന്റെ വളർച്ചയെ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്ന കർമ്മ നിരതരും നിസ്വാർത്ഥരുമായ അധ്യാപകരും അനധ്യാപകരും ഉൽസാഹികളായ വിദ്യാർത്ഥികൾക്കും സ്കൂളിനേയും അധ്യാപകരെയും പ്രത്യക്ഷമായും പരോക്ഷമായും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന രക്ഷകർത്താക്കൾക്കും നല്ലവരായ നാട്ടുകാർക്കും അഭ്യുദയകാംക്ഷികൾക്കും നിർലോഭമായ സഹായ സഹകരണങ്ങൾ നൽകുന്ന സ്കൂൾ മാനേജ്മെന്റിനും ഈ വേളയിൽ ഹൃദ്യമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഡിയിൽ ഗണ്യമായ പുരോഗതി ഉണ്ടാകുകയും ചെയ്തു. 1965ൽ സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷപൂർവ്വം നടത്തപ്പെട്ടു.

തോമ്പ്രയിൽ ഷെവ. കമാ.ടി.യു.കുരുവിള 1969ൽ സ്കൂൾ മാനേജരായി തിരഞ്ഞെടുക്കപ്പെട്ടു. 1976 ആയപ്പോഴേയ്ക്കും 2500 ൽപരം കുട്ടികളുമായി സ്കൂൾ അതിന്റെ ഉയർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരുന്നു. ശ്രീ ടി.യു. കുരുവിളയുടെ കഠിനപ്രയത്നത്തിന്റേയും സ്വാധീനത്തിന്റേയും ഫലമായി ആ സ്കൂൾ സെന്റ് സ്റ്റീഫൻസ് ബോയ്സ് സ്കൂൾ, സെന്റ് സ്റ്റീഫൻസ് ഗേൾസ് ഹൈസ്കൂൾ എന്നിങ്ങനെ രണ്ടായി വിഭജിച്ചു. ഹെഡ്മാസ്റ്ററായിരുന്ന ശ്രീ എം.ഐ കുര്യക്കോസിന്റെ വിശിഷ്ട സേവനം സംസ്ഥാന അവാർഡിന് അദ്ദേഹത്തെ അർഹനാക്കി. 15/06/1976ൽ അദ്ദേഹത്തെ ഗേൾസ് ഹൈസ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായി നിയമിച്ചു.

01/01/2004 ൽ മഞ്ഞുമ്മേക്കൂടിയിൽ ശ്രീ എം.എസ് മാത്യൂ മാനേജരായി തിരഞ്ഞെടുക്കപ്പെട്ടു. മാനേജരുടെ കാലാവധി രണ്ട് വർഷമായി പള്ളി പൊതുയോഗം നിജപ്പെടുത്തി. അദ്ദേഹത്തിന്റെ കാലത്തിന് തൊട്ടു മുമ്പുണ്ടായിരുന്ന പ്രശ്നങ്ങളെല്ലാം അദ്ദേഹം പരിഹരിച്ചു. അതോടൊപ്പം ഹയർസെക്കണ്ടറിയും ഹൈസ്ക്കൂളിനും കൂടി പ്രിൻസിപ്പാൾ മാത്രമായിരുന്ന സംവിധാനം മാറ്റി 13/02/2004 ൽ ഹൈസ്ക്കൂളിന് പ്രത്യേകമായി ശ്രീമതി പി എസ് ലക്ഷ്മിക്കുട്ടിയമ്മയെ ഹെഡ്മിസ്ട്രസ്സായി നിയമിച്ചു. ശ്രീമതി പി എസ് ലക്ഷ്മിക്കുട്ടിയമ്മ ഗേൾസ് ഹൈസ്കൂളിലേക്ക്. ട്രാൻസ്ഫർ ആയിപ്പോയ ഒഴിവിൽ 01/04/2006 മുതൽ ശ്രീമതി ഉഷാമണിയെ ഹെഡ്മിസ്ട്രസ്സായി നിയമിച്ചു. 01/04/2006 മുതൽ ശ്രീ കെ വി എബ്രാഹാമിനെ ഹയർ സെക്കണ്ടറി പ്രിൻസിപ്പാളായും നിയമിച്ചു.

പൊയ്ക്കാട്ടിൽ ശ്രീ പി കെ സൈമൺ 01/04/2006 മുതൽ മാനേജരായി സ്ഥാനമേറ്റു. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം വളരെ ശ്രദ്ധാലുവാകുന്നു. 01/04/2007 ൽ ശ്രീമതി റീനി സ്കറിയ ഹെഡ്മിസ്ട്രസ്സായി ചാർജെടുത്തു.

01/04/2008 മുതൽ മുൻ മാനേജരായിരുന്ന ശ്രീ കെ കെ ദാനി മാനേജരായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റേയും, ഹെഡ്മിട്രസ്സായിരുന്ന ശ്രീമതി റിനി സ്കറിയയുടേയും നേതൃത്വത്തിൽ അദ്ധ്യാപകരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 2009 ൽ സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായി എസ്. എസ്.എൽ.സി ക്ക് 100 ശതമാനം വിജയം നേടി. 01/04/2009 മുതൽ 11/08/2009 വരെ ശ്രീമതി മേഴ്സി എ.ജെ ഹയർസെക്കണ്ടറി വിഭാഗം ടീച്ചർ ഇൻ ചാർജായി സേവനമനുഷ്ഠിച്ചു. തുടർന്ന് 12/08/2009 മുതൽ ശ്രീമതി ഷേർലി പോൾ പ്രിൻസിപ്പളായി നിയമിക്കപ്പെട്ടു.

സ്ഥാനമെൽക്കുകയും ചെയ്തു. 20/05/1940 ൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള അനുവാദം ഗവൺമെന്റിൽ നിന്നും ലഭിച്ചു. മഞ്ഞുമ്മേക്കുടിയിൽ ശ്രീ ഗീവർഗീസ് മത്തായി വക മാളികകെട്ടിടത്തിൽ താൽക്കാലികമായി ക്ലാസ്സ് ആരംഭിക്കുകയും സ്ക്കൂൾ കെട്ടിടം പൂർത്തിയായ മുറയ്ക്ക് ക്ലാസ്സ് സ്കൂളിലേക്ക് മാറ്റുകയും ആക്റ്റിംഗ് ഹെഡ്മാസ്റ്ററായി പൊയ്ക്കാട്ടിൽ ശ്രീ പി. കെ. ജെക്കബ് അധികാരം ഏൽക്കുകയും ചെയ്തു.

കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ റവ. സി.എം തോമസ് ഹെഡ്മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. ഈ കാലയളവിൽ തോമ്പ്രയിൽ ശ്രീ ഔസേഫ് ഉതുപ്പ് മാനേജറായി ചുമതലയേറ്റു. 2 വർഷം അദ്ധ്യാപകനായി ജോലി നോക്കിയ ശേഷം റവ. ഡീക്കൻ ജി ജോസഫ് ആക്റ്റിംഗ് ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തു. റവ. ഫാ. സി.എം തോമസ് ട്രെയിനിംഗിനു പോയ ഒഴിവിൽ ശ്രീ വർഗീസ് മാത്യു 02-06-1943ൽ ആക്റ്റിംഗ് ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടുകയും 10-03-1944 വരെ ജോലിയിൽ തുടരുകയും ചെയ്തു. 5-07-1947 ൽ സ്കൂളിൽ ആദ്യമായി സ്കൗട്ട് ആരംഭിച്ചു.

16-04-1945 ൽ മഞ്ഞുമ്മേക്കുടിയിൽ ശ്രീ ചെറിയ കുഞ്ഞവിര മാനേജരായി തിരഞ്ഞെടുക്കപ്പെടുകയും 1947 ൽ തോമ്പ്രയിൽ ശ്രീ ഔസേഫ് ഉതുപ്പ് മാനേജ റായി ചാർജ്ജെടുക്കുകയും ചെയ്തു. 1943 ജൂൺ 19-ാം തീയതി റവ. സി എം തോമസ് വടകര ഹൈസ്ക്കൂളിലേക്ക് സ്ഥലം മാറ്റം വാങ്ങി പോവുകയും ശ്രീ ജോസഫ് ജി ചേലാട് ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടുകയും ചെയ്തു. അതേ വർഷം ഒക്ടോബർ 20-ാം തീയതി ശ്രീ എം ഐ കുര്യാക്കോസ് ഹെഡ്മാസ്റ്ററായി ചാർജ്ജെ ടുത്തു. 14-06-1949 ൽ മുൻ ഹെഡ്മാസ്റ്ററായിരുന്ന കുമുള്ളും കുന്നേൽ ജോസഫ് ജി ചേലാട് മാനേജരായി നിയമിക്കപ്പെട്ടു. 1950 ൽ ഇംഗ്ലീഷ് മിഡിൽ സ്ക്കൂളുകൾ നട ത്തുന്നതിനുള്ള അംഗീകാരം ഗവൺമെന്റ് പിൻവലിച്ചെങ്കിലും ജോസഫ് ജി ചേലാ ടിന്റെ അവസരോചിതമായ പ്രവർത്തനവും, സ്വാധീനവും കൊണ്ട് ഓർഡർ റദ്ദു ചെയ്യുന്നതിനും ഒരു ഹൈസ്ക്കൂളായി ഇതിനെ മാറ്റുന്നതിനും അനുവാദം ലഭിച്ചു.

ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടശേഷം 24/07/1950 ൽ ശ്രീ വി ഐ പൗ ലോസിനെ ഹെഡ്മാസ്റ്ററായി നിയമിച്ചു. സ്കൂൾ കെട്ടിടത്തിന്റെ നിർമാണത്തിൽ ഇന്നാട്ടിലെ പ്രമുഖരായ ഒട്ടനവധി വ്യക്തികൾ നിർലോഭമായ സഹായ സഹകരണ ങ്ങൾ നൽകിയിട്ടുള്ളത് നന്ദിയോടെ സ്മരിക്കുന്നു.

05/06/1957ൽ കൊട്ടിശ്ശേരിക്കുടിയിൽ ശ്രീ എബ്രാഹാം കെ തോമസും 16/01/1958ൽ പൊയ്ക്കാട്ടിൽ ശ്രീ പി കെ പൈലിയും മാനേജർമാരായി തെരഞ്ഞെ ടുക്കപ്പെട്ടു. ഈ കാലയളവിൽ സ്കൂളിന്റെ രണ്ടാം നിലയുടെ പണി ആരംഭിച്ചു. 17/03/1960ൽ കല്ലുങ്കൽ ശ്രീ പൈലി വർഗീസ് മാനേജരായി തെരഞ്ഞെടുക്കപ്പെടു കയും സ്കൂൾ കെട്ടിടങ്ങളുടെ പണികൾ പൂർത്തിയാക്കുകയും, സ്കൂളിന്റെ അഭിവൃ

# ആമുഖം

മാർ സ്തേഫാനോസ് സഹദായുടെ നാമത്തിലുള്ള ചേലാട് സെന്റ് സ്റ്റീഫൻസ് ബെസ് അനിയ വലിയപള്ളിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെന്റ് സ്റ്റീഫൻസ് ഹയർ സെക്കന്ററി സ്കൂൾ കീരംപാറ.

പരീക്ഷകളിലെ ഉയർന്ന വിജയശതമാനം, കായിക രംഗത്തെ അജയ്യത, കലോത്സവ പ്രവൃത്തി, പരിചയ മേളകളിലെ തിളക്കമാർന്ന പ്രകടനങ്ങൾ എന്നിവ സെന്റ് സ്റ്റീഫൻസിന് മാറ്റ് കൂട്ടുന്നു. മെഡിക്കൽ എഞ്ചിനീയറിംഗ്, അഡ്മിനിസ്ട്രേറ്റീവ് ,മാനേജ്മെന്റ് രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച ആയിരക്കണക്കിന് പ്രതിഭകളെ ഈ സ്കൂൾ കൈപിടിച്ച് ഉയർത്തി.

**ലക്ഷ്യങ്ങൾ**

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ പാശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. അദ്ധ്യാപനവും അദ്ധ്യായനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തങ്ങൾ രൂപപ്പെടുത്തുക.

## വിദ്യാലയത്തിന്റെ ചരിത്രം

വിദ്യയും വിദ്യാഭ്യാസ സ്ഥാപനങ്ങളും അന്യമായിരുന്ന ഈ നാട്ടിൽ, ഇടവകാംഗമായിരുന്ന കുമുള്ളുംകുന്നേൽ ശ്രീ വർക്കി ദാനിയേലിന്റെയും മറ്റ് പ്രമുഖരായ ഇടവകാംഗങ്ങളുടെയും ദീർഘവീക്ഷണഫലമായി അറയ്ക്കൽ ശ്രീ എ. എം. കോര ആദ്യ അദ്ധ്യാപകനായി ഊഞ്ഞാപ്പാറായിൽ ഒരു കുടി പള്ളിക്കൂടം പള്ളിയുടെ കീഴിൽ ആരംഭിക്കുകയും, കാലാന്തരത്തിൽ സെന്റ് സ്റ്റീഫൻ എഡ്യൂക്കേഷനൽ ഏജൻസി രൂപം കൊള്ളുകയും ചെയ്തു. ഇന്ന് ഈ ഏജൻസിയുടെ കീഴിൽ മൂന്ന് സ്കൂളുകൾ പ്രവർത്തിക്കുന്നു.

പള്ളിവകയായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിക്കണമെന്നുള്ള ആലോചനയുടെ ഫലമായി പള്ളിയിൽ കൂടിയ യോഗത്തിൽ വച്ച് കീരംപാറയിൽ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ തുടങ്ങുവാൻ തീരുമാനിച്ചു. സ്കൂൾ തുടങ്ങുന്നതിനുള്ള അനുവാദത്തിന് തന്നാണ്ട്കാരനായിരുന്ന തോമ്പ്രയിൽ ശ്രീ ഔസേഫ് ഉതുപ്പ് അപേക്ഷ സമർപ്പിക്കുകയും പ്രഥമ മാനേജറായി മഞ്ഞയിൽ ശ്രീ തൊമ്മൻകുരുവിള

## നിലവിലെ അവസ്ഥാ വിശകലനം

### എ) ഭൗതിക -നേട്ടങ്ങൾ

യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിലായി 51 ക്ലാസ് മുറികളുണ്ട്. അതിൽ നാലു ക്ലാസുകൾ സ്മാർട്ട് ക്ലാസുകളാണ്. മൂന്ന് സ്റ്റാഫ് മുറിയും മൂന്ന് ഓഫീസ് മുറിയും ഉണ്ട്. മൂന്ന് കമ്പ്യൂട്ടർ ലാബുകളും, മൾട്ടി മീഡിയ, ഡിജിറ്റൽ ലൈബ്രറി എന്നിവയും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ലൈബ്രറി, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, സ്റ്റോർ, കോഫി ഷോപ്പ്, തുടങ്ങിയവയും നന്നായി പ്രവർത്തിക്കുന്നു. വിവിധ വിഷയങ്ങളുടെ ലബോറട്ടറി സൗകര്യവും ഉണ്ട്. അടുക്കളയും ഡൈനിംഗ് റൂമും കുടിവെള്ള വിതരണവും മാലിന്യ സംസ്കരണവും ഭംഗിയായി പ്രവർത്തിക്കുന്നു. ചുറ്റുമതിലും ഗേറ്റും മനോഹരമായ കളിസ്ഥലവും ടോയ്‌ലെറ്റ് സൗകര്യവും ഉണ്ട്. കൗൺസിലിംഗ് സൗകര്യവും വിശ്രമമുറിയും ഉണ്ട്. ജൈവകൃഷിയും നന്നായി നടക്കുന്നു.

### ബി) ഭൗതിക-പരിമിതികൾ

ഓഡിറ്റോറിയം, ഹൈടെക് ക്ലാസ് മുറികൾ, സോളാർ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, മാലിന്യ സംസ്കരണം, സ്ഥലപരിമിതി എന്നീ ലക്ഷ്യങ്ങൾ പൂർണ്ണമായും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.

### ഡി) അക്കാദമികം -പരിമിതികൾ

കുട്ടികളുടെ മാർക്ക് നിലവാരം ഉയരണം. കലാകായിക അധ്യാപകസേവനം പൂർണ്ണമായും ലഭ്യമല്ല.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ▪ ഭാഷാശേഷി വികസനം<br>▪ ഇംഗ്ലീഷ് പഠന പരിപോഷണം<br>▪ ഗണിതാന്തരീക്ഷം ഒരുക്കൽ<br>▪ ശാസ്ത്രപോഷണ പരിപാടി<br>▪ സാമൂഹിക ശാസ്ത്രപഠനം<br>▪ ഹിന്ദി പഠനം കാര്യക്ഷമമാക്കൽ<br>▪ ചിത്രരചന പോഷണം<br>▪ സമഗ്രപോർട്ടൽ ശില്പശാല<br>▪ എംബ്ലം പുരാണം<br>▪ നിശാപാഠശാല<br>▪ കായിക പരിശീലനം<br>▪ ഗവേഷണപ്രൊജക്ടറുകൾ<br>▪ മൂല്യാധിഷ്ടിത വിദ്യാഭ്യാസം<br>▪ ഹരിത കണങ്ങൾ<br>▪ അക്ഷര വെളിച്ചം<br>▪ കാലാന്തര മൊഴിവഴികൾ- [redacted]<br>▪ ആർദ്രസംഗമം (A gathering of specially abled buds)<br>▪ സ്വപ്നതുള്ളികൾ (പ്രതിഭാ പോഷണപരിപാടി)<br>▪ സ്നേഹസ്പർശം<br>▪ സ്നേഹ സദസ്സ്<br>▪ വായനാ പരിപോഷണം<br>▪ ലൈബ്രറി ശാക്തീകരണം<br>▪ ജൈവവൈവിധ്യ പാർക്ക്<br>▪ സാഹിത്യപോഷണ പരിപാടി<br>▪ പഠനയാത്രകൾ<br>▪ സെമിനാറുകൾ<br>▪ ക്ലാസ് പി.ടി.എ. സജീവമാക്കൽ<br>▪ സ്കൂൾ പത്രം/മാസിക<br>▪ പ്രവൃത്തി പരിചയ പഠനം<br>▪ എസ്.ആർ.ജി. ശാക്തീകരണം<br>▪ രചനാ ശില്പശാല<br>▪ അഭിമുഖങ്ങൾ<br>▪ മെഡിക്കൽ ക്യാമ്പ്<br>▪ പോഷകാഹാരപരിപാടി<br>▪ ബ്ലോഗ്<br>▪ ദിനാചരണം<br>▪ ഭാഷാലാബ്<br>▪ ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>▪ ഐ.ടി.പരിശീലനം | ▪ കുടിവെള്ള വിതരണം<br>▪ യോഗ പരിശീലനം<br>▪ ജനറേറ്റർ സ്ഥാപിക്കൽ<br>▪ ഓഫീസ് ഡിജിറ്റലൈസേഷൻ<br>▪ മാലിന്യ സംസ്കരണ്<br>▪ ഓഡിറ്റോറിയം<br>▪ പുതിയ മന്ദിരം<br>▪ സ്മാർട്ട് കിച്ചൺ<br>▪ ശൗചാലയനവീകരണം<br>▪ മഴക്കുഴി നിർമ്മിക്കൽ<br>▪ ബയോഗ്യാസ് പ്ലാന്റ്<br>▪ സൗരോർജ്ജ പാനൽ<br>▪ ജന്മദിനത്തിനൊരു പുസ്തകം<br>▪ വീട്ടിൽ കൃഷി തോട്ടം<br>▪ ചിത്രരചന | ▪ പി.ടി.എ ശക്തിപ്പെടുത്തൽ<br>▪ വിദ്യാലയ വികസനസമിതി<br>▪ പൂർവ്വവിദ്യാർത്ഥി സംഗമം.<br>▪ പൂർവ്വാധ്യാപകസംഗമം<br>▪ പുസ്തകസമാഹരണം<br>▪ വയോജനവന്ദനം<br>▪ മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര<br>▪ സ്കൂൾ കലണ്ടർ<br>▪ പൊതിച്ചോറ്<br>▪ വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>▪ ഭവനസന്ദർശനം<br>▪ വായനാകൂട്ടം |

## പദ്ധതി വിശദാംശങ്ങൾ

### പഠനത്തിലെ പടവുകൾ

ഭാഗം – 1

### മേഖല: അക്കാദമികം (ഹ്രസ്വകാലം)

### പ്രവർത്തനം – 1

പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മ രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ്, രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, അവ പഠനസാമഗ്രിയായി ഉപയോഗിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | 5000/- പി.ടി.എ. |

### പ്രവർത്തനം – 2

പേര് : ബ്ലോഗ് നിറക്കൽ

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ്.ഐ.റ്റി.സി. | - |

### പ്രവർത്തനം – 3

പേര് : സർഗ്ഗസല്ലാപം

ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ, അവരുടെ എഴുത്ത്/വായനാ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച്.എം. & പി.ടി.എ. | 2000/- പി.ടി.എ. |

| | | | | |
|---|---|---|---|---|
| ശേഷികളിൽ മികവു നേടുക | രുടെ എഴുത്ത്/വായനാ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | പ്രാവിശ്യം | പി.ടി.എ. | |

**പ്രവർത്തനം – 4**

പേര് : ഗ്രന്ഥശാലാ ശാസ്തീകരണം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവിശ്യം | എച്ച്.എം. & പി.ടി.എ ലൈബ്രറിയൻ | 2000/- സ്പോൺസർഷിപ്പ് |

**പ്രവർത്തനം – 5**

പേര് : അഭിമുഖങ്ങൾ, സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരൻമാരുമായി അഭിമുഖം നടത്തൽ, സാഹിത്യനായകൻമാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി ഒ.എസ്.എ. | 5000/- ഒ.എസ്.എ. |

## പ്രവർത്തനം – 7

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരിക്കൽ കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് അദ്ധ്യാപകർ | – |

## പ്രവർത്തനം – 8

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ദിനം പ്രതി | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തനം - 9

പേര് : ഇംഗ്ലീഷ് കത്തെഴുത്ത്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന യിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദ മിക് പ്രവർത്തന വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമപ്രായക്കാരു മായി കത്തിടപാടിലൂടെ പങ്കുവ യ്ക്കൽ | മാസം തോറും | ക്ലാസ് ടീച്ചർ | - |

## പ്രവർത്തനം - 10

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷിക ളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചര ങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസ ങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാ നുസരണം | എസ്. ആർ.ജി. | - |

## പ്രവർത്തനം - 11

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധി യോടെ ഭാഷ ഉപ യോഗിക്കാൻ കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണ ത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതി വർഷം 5 ക്ലാസ് | ഇംഗ്ലീഷ് അദ്ധ്യാപ കർ | 5000/- പി.ടി.എ. |

പ്രവർത്തനം - 12

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം - 13**

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്ന പരിശീലനം നൽകൽ, വിവിധരൂപങ്ങൾ നിർമ്മിക്കൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG OSA | 1000/- OSA |

**പ്രവർത്തനം - 14**

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ഗണിത ശാസ്ത്രക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് SRG | സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 15

പേര് : ഗണിതപരിശീലന പരിപാടി

ഉപമേഖല : ഗണിതപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുന്നിലേക്കാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം (ചതുഷ്ക്രിയകൾ, പട്ടികയും). പ്രീടെസ്റ്റ് നടത്തി കണ്ടെത്തുന്നു. | ആഴ്ചയിൽ ഒരുക്കൽ | ഗണിത അദ്ധ്യാപകർ | - |

## പ്രവർത്തനം - 16

പേര് : ഗണിത ക്ലബ്ബ്

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ ഗണിതത്തിൽ മികവ് പുലർത്തുന്നതിന് വേണ്ടി | ഗണിത ക്ലബ്ബ് ആദ്യത്തെ വെള്ളിയാഴ്ച മീറ്റിംഗ് കൂടുന്നു. | മാസം തോറും | ഗണിത അദ്ധ്യാപകർ | 2000/- എസ്.എസ്.എ. |

## പ്രവർത്തനം - 17

പേര് : ഗണിത പ്രദർശനം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തോട് താൽപര്യം വർദ്ധിപ്പിക്കാനും മറ്റുള്ളവർക്ക് കാണാനും | ഗണിത പ്രദർശനം | വർഷത്തിൽ ഒരുക്കൽ | ഗണിത ക്ലബ്ബ് | 1000/- പി.ടി.എ. |

## പ്രവർത്തനം - 18

പേര് : ഗണിതക്വിസ്

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതതാൽപര്യം വർദ്ധിപ്പിക്കാൻ | ഗണിത ക്വിസ് | വർഷത്തിൽ ഒരിക്കൽ | ഗണിത ക്ലബ് | - |

## പ്രവർത്തനം - 19

പേര് : ഗണിതമാഗസിൻ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപരമായ കഴിവ് കണ്ടെത്തി മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്താൻ | ഗണിത മാഗസിൻ | മാസത്തിലൊരിക്കൽ ഒരൊ ക്ലാസ് വീതം | ഗണിത ക്ലബ് | - |

## പ്രവർത്തനം - 20

പേര് : ഗണിതലൈബ്രറി

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കാൻ | ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക് ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ നൽകുന്നു. | ആഴ്ച തോറും | ഗണിത ക്ലബ് | 3000/- എസ്.എസ്.എ., പി.ടി.എ. |

## പ്രവർത്തനം - 21

പേര് : ശാസ്ത്ര പോഷണ പരിപാടി

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ, തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസം | സയൻസ് ക്ലബ് | 10000/- എസ്.എസ്.എ. |

## പ്രവർത്തനം - 22

പേര് : പ്രതിഭാപോഷണ പരിപാടി

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദപരിശീലനവും ക്ലാസുകളും നൽകൽ | മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ | അവധി ദിവസങ്ങൾ | S.R.G<br>S.S.G | 3000/- (സ്പോൺസർഷിപ്പ്) |

## പ്രവർത്തനം - 23

പേര് : മേളകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവിശ്യം | സയൻസ് ക്ലബ് | 5000/- പി.ടി.എ. |

പ്രവർത്തനം - 24

പേര് : ശാസ്ത്രയാത്രകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസക രമാക്കൽ | കുസാറ്റിലെ ശാസ്ത്രപഠന കേന്ദ്രം, ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷി ക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.ടി.എ. | 10000/- പി.ടി.എ. എസ്.എസ്.എ. |

**പ്രവർത്തനം - 25**

പേര് : സാമൂഹ്യശാസ്ത്ര ലാബ്

ഉപമേഖല : സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാ ക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദ മായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവ ശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- പി.ടി.എ. |

**പ്രവർത്തനം - 26**

പേര് : പഠനയാത്രകൾ

ഉപമേഖല : സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷ അനുഭ വത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യ മുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നട ത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു പ്രാവ ശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 10000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം - 27

പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തിദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | 1000/- എസ്.എസ്.എ. |

പ്രവർത്തനം - 28

പേര് : മോക്ക് പാർലമെന്റ്

ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ, വെച്ചുള്ള വോട്ടെടുപ്പ്, എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 1 എണ്ണം | എസ്.ആർ.ജി., സ്കൂൾ പാർലമെന്റ് | |

പ്രവർത്തനം - 29

പേര് : ഡിബേറ്റ് ക്ലബ്

ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | സോഷ്യൽ സയൻസ് ക്ലബ് | |

**പ്രവർത്തനം - 30**

പേര് : സാമൂഹിക ശാസ്ത്ര ലൈബ്രറി

ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായനാകോർണർ ഒരുക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ് | 5000/- എസ്.എസ്.എ. |

**പ്രവർത്തനം - 31**

പേര് : പ്രാദേശിക ചരിത്രം

ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും പ്രദേശത്തിന്റെയും ഗതകാലത്തിന്റെ ചരിത്രാവിഷ്കാരം | ഓരോ വിദ്യാലയത്തിലും അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം പുസ്തകമാക്കി ആവിഷ്കരിക്കുന്നു. | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ് ക്ലബ്ബ് | 5000/- PTA |

പ്രവർത്തനം - 32

പേര് : എംബ്ലപുരാണം

ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ, വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം കുട്ടികൾ ശേഖരിക്കണം. ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം /പദ്ധതി അവയുടെ പ്രവർത്തനം എന്നിവ എംബ്ലത്തിന് താഴെയായി എഴുതി തയ്യാറാക്കണം | വർഷത്തിൽ ഒന്ന് | പി.ടി.എ. സോഷ്യൽ സയൻസ് ക്ലബ് | 1000/- PTA |

പ്രവർത്തനം - 33

പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠ ഭാഷ

ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് | ഹിന്ദി ക്ലബ് | 5000/- എസ്.എസ്.എ. |

പ്രവർത്തനം - 34

പേര് : സുരീലി ഹിന്ദി

ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷയിൽ അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിന് സുരീലി ഹിന്ദി എന്ന പരിപാടി നടപ്പിലാക്കൽ | ഹിന്ദി ഭാഷയിലെ അക്ഷരങ്ങളും വാക്കുകളും അഭ്യസിപ്പിക്കൽ, ഹിന്ദി ഭാഷയിൽ വാക്യങ്ങൾ രൂപീകരിക്കൽ | ദിനം പ്രതി | ഹിന്ദി അധ്യാപകർ | |

പ്രവർത്തനം - 35

പേര് : ചിത്രരചന കളരി

ഉപമേഖല : കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചന യിൽ പ്രാവീ ണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസം നീണ്ടുനിൽക്കുന്ന ചിത്ര രചന പരിശീലനം | മധ്യവേനൽ അവധി 5 ദിവസം | ആർട്ട് ടീച്ചർ എസ്.ആർ.ജി. | 10000/- എസ്.എസ്.എ. |

## പ്രവർത്തനം - 36

പേര് : കായിക പരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരി ശീലനം കാര്യ ക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക്, ലഘുഭക്ഷണം നൽകൽ, | എല്ലാ ദിവസം | പി.ടി.എ. കായിക അദ്ധ്യാപകൻ | 100000/- സ്പോൺ സർഷിപ്പ് പി.ടി.എ., എസ്.എസ്.എ. |

## പ്രവർത്തനം - 37

പേര് : മെഡിക്കൽ ക്യാമ്പ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപ പ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവിശ്യം കുട്ടി കൾക്കും രക്ഷിതാക്കൾക്കും സമഗ്ര മായ വൈദ്യപരിശോധന നടത്തൽ | വർഷ ത്തിൽ ഒന്ന് | HM & PTA Health Club | 10000/- PTA |

മേഖല : അക്കാദമിക്

## നേരറിയും നേരം

### പ്രവർത്തനം - 38

പേര് : നേരറിയും നേരം

ഉപമേഖല : മൂല്യബോധനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് മൂല്യാധിഷ്ടിത വിദ്യാഭ്യാസം നൽകൽ | ആഴ്ചയിൽ ഒരു ദിവസം വീതം അദ്ധ്യാപകരും, മറ്റു വിദഗ്ധരായ വ്യ. ക്തികളും ക്ലാസ് എടുക്കുന്നു. | വർഷം മുഴുവൻ ആഴ്ചയിൽ ഒരുക്കൽ | അദ്ധ്യാപകർ | 5000/- PTA |

### പ്രവർത്തനം - 39

പേര് : ലഹരി വിമുക്ത ബോധവൽക്കരണം

ഉപമേഖല : മൂല്യബോധനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരി വിരുദ്ധ സ്കൂൾ അന്തരീക്ഷം ഉറപ്പുവരുത്തൽ | ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ സംഘടിപ്പിക്കൽ | ടേം തോറും | എസ്.പി. സി. ജെ.ആർ. സി. | PTA |

### പ്രവർത്തനം - 40

പേര് : വ്യക്തിത്വ വികസന പരിശീലനം

ഉപമേഖല : മൂല്യബോധനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ആത്മവിശ്വാസം നൽകൽ | കുട്ടികൾ തന്നെ സംഘാടകരാകുന്നു. ക്ലാസ് നയിക്കുന്നു. | ടേം തോറും | അദ്ധ്യാപകർ, കുട്ടികൾ | |

പ്രവർത്തനം - 41

പേര് : പ്രതിഭകളെ പ്രോത്സാഹിപ്പിക്കൽ

ഉപമേഖല : സ്വപ്നത്തുള്ളികൾ (Dream drops)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകളായ കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | എല്ലാ ടേമിലും വിദഗ്ദ്ധർ ക്ലാസ് എടുക്കുന്നു. | ടേം തോറും | അദ്ധ്യാപകർ | 5000/- PTA |

പ്രവർത്തനം - 42

പേര് : പ്രതിഭകളുമായി സംവദിക്കൽ

ഉപമേഖല : സ്വപ്നത്തുള്ളികൾ (Dream drops)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകളായ പൂർവ്വവിദ്യാർത്ഥികളുമായി സംവദിക്കാൻ അവസരം ഒരുക്കുന്നു. | എല്ലാ ടേമിലും പ്രതിഭകൾ സ്കൂളിൽ എത്തുന്നു. | ടേം തോറും | അദ്ധ്യാപകർ | PTA |

# ഹരിതകണങ്ങൾ

## (Green Drops)

**പ്രവർത്തനം – 43**

പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : ഹരിതകണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG & ഹരിത ക്ലബ്ബ് | 5000 കൃഷിവകുപ്പ് |

**പ്രവർത്തനം – 44**

പേര് : ജൈവ വൈവിധ്യപാർക്ക്

ഉപമേഖല : ഹരിതകണങ്ങൾ

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ.ജി. | 25000 SSA കൃഷിവകുപ്പ് |

**പ്രവർത്തനം – 45**

പേര് : പോഷകാഹാര പരിപാടി

ഉപമേഖല : ഹരിതകണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, ഹെൽത്ത് ക്ലബ്, HM, PTA | 50000/- CSR Fund |

## പ്രവർത്തനം - 46

പേര് : നാടൻ ഭക്ഷണം

ഉപമേഖല : ഹരിതകണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | നാടൻ പാനീയങ്ങൾ, ആഹാരസാധനങ്ങൾ എന്നിവ മുതിർന്നവരിൽ നിന്ന് ചോദിച്ചറിഞ്ഞ് അവ ഉണ്ടാക്കുന്നവിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | PTA SRG Health club, Work experience teacher | പി.ടി.എ. എം.പി.ടി.എ |

## പ്രവർത്തനം - 47

പേര് : ഫാസ്റ്റ് ഫുഡ് -ഫാസ്റ്റ് ടു ഡെത്ത്

മേഖല : ഹരിതകണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രേഖപ്പെടുത്തൽ | കടകളിൽ നിന്നു വാങ്ങുന്നവരും വീട്ടിൽ ഉണ്ടാക്കുന്നവരുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | Health club, Science Club | |

## ആർദ്രസംഗമം

### (A Gathering of Specially Abled Buds)

**പ്രവർത്തനം - 48**

പേര് : ബോധവൽക്കരണ ക്ലാസുകൾ, കലാപ്രകടനങ്ങൾ, രക്ഷകർത്തൃപരിശീലനം

മേഖല : ആർദ്രസംഗമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആത്മവിശ്വാസം നൽകൽ | വിദഗ്ധരായ വ്യക്തികൾ സ്കൂളിൽ ക്ലാസ് എടുക്കുന്നു. | ടേം തോറും | അധ്യാപകർ | 5000/- SSA PTA |
| 2. ഈ കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ പ്രോത്സാഹിപ്പിക്കൽ | കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിക്കുന്നു. | ടേം തോറും | അധ്യാപകർ | |
| 3. രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നൽകൽ | അധ്യാപകരും വിദഗ്ധരും രക്ഷകർത്താക്കളുമായി സംവദിക്കുന്നു | വർഷത്തിൽ 1 | അധ്യാപകർ പി.ടി.എ. | |

## സ്നേഹസ്പർശം

**പ്രവർത്തനം - 50**

പേര് : ആത്മവിശ്വാസം നൽകൽ

മേഖല : സ്നേഹസ്പർശം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് കരുതലും ആത്മവിശ്വാസവും നൽകൽ | അധ്യാപകരും വിദഗ്ധരായ വ്യക്തികളും കുട്ടികളുമായി സംവദിക്കുന്നു. | വർഷത്തിൽ ഒന്ന് | അധ്യാപകർ | |

# കനിവിൻ കാലൊച്ചകൾ

**മേഖല: അക്കാദമികം, സാമൂഹികം**

**പ്രവർത്തനം - 52**

പേര് : ഭവന നിർമ്മാണം (സഹപാഠിക്കൊരു സ്നേഹവീട്), കേശദാനപദ്ധതി, ഹൃദയപൂർവ്വം

ഉപമേഖല : കനിവിൻ കാലൊച്ചകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളിൽ അനുകമ്പ, സഹാനുഭൂതി, കരുതൽ എന്നീ സദ്ഗുണങ്ങൾ വളർത്തിയെടുക്കൽ | വീടില്ലാത്ത കുട്ടികൾക്ക് ഭവനം നിർമ്മിച്ചു കൊടുക്കുന്നു. | വർഷത്തിൽ ഒന്ന് | HM, SRG, SPC, PTA, കുട്ടികൾ | 6 ലക്ഷം പി.ടി.എ, കുട്ടികൾ, ഐ.എസ്.എ. സ്പോൺസർ ഷിപ്പ് |
| | കാൻസർ രോഗികൾക്ക് ആശ്വാസത്തിനായി വിഗ് നിർമ്മാണത്തിന് വേണ്ടി മുടി മുറിച്ച് നൽകുന്നു. | വർഷത്തൽ ഒന്ന് | PTA, കുട്ടികൾ അദ്ധ്യാപകർ | |
| | രോഗികളായ കുട്ടികൾക്കും മാതാപിതാക്കൾക്കും ചികിത്സാ സഹായം നൽകൽ | ആവശ്യമനുസരിച്ച് | HM, SRG, PTA, കുട്ടികൾ | 300000/- PTA, കുട്ടികൾ സ്പോൺസർ ഷിപ്പ്, അദ്ധ്യാപകർ |

# പഠനത്തിലെ പടവുകൾ

**മേഖല: അക്കാദമികം**

**പ്രവർത്തനം – 53**

പേര് : നിശാപാഠശാല, പഠനയാത്രകൾ, സമഗ്ര പോർട്ടൽ ശില്പ ശാല

ഉപമേഖല : പഠനത്തിലെ പടവുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നോക്കക്കാരായ 10, 12 ക്ലാസിലെ കുട്ടികൾക്ക് രാത്രി കാല പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടു നിൽക്കുന്ന രാത്രികാല പരിശീലനം | പ്രതി വർഷം ഒരുമാസം | HM, PTA, SRG | നഗര സഭാ പി.ടി.എ |
| പ്രകൃതിപഠനത്തിന്റെ ഭാഗമായി കുട്ടികൾക്കും മാതാപിതാക്കൾക്കും യാത്രാനുഭവം നൽകൽ | എല്ലാ ക്ലാസിലെയും കുട്ടികൾക്കായി പ്രകൃതി പഠനക്യാമ്പ് നടത്തുന്നു, മാതാപിതാക്കളുമൊത്തുള്ള യാത്രകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം | SRG, PTA Nature Club | PTA Sponsorship |
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | ഐ.ടി@ പോർട്ടലായ സമഗ്രയിലേക്ക് വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിന് എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ സമയലഭ്യതയനുസരിച്ച് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ | വർഷാവസാനം വരെ | ഐ.ടി ക്ലബ്, എസ്.ആർ.ജി. | |

## അക്ഷര വെളിച്ചം

**മേഖല: അക്കാദമികം**

**പ്രവർത്തനം – 55**

പേര് : കുട്ടികളെ എഴുത്ത്, വായന പരിശീലിപ്പിക്കൽ

ഉപമേഖല : അക്ഷരവെളിച്ചം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ അതിന് പ്രാപ്തരാക്കൽ | ശനിയാഴ്ചകളിലും വൈകുന്നേരങ്ങളിലും അദ്ധ്യാപകർ മുതിർന്ന കുട്ടികളുടെ സഹായത്തോടെ വർക്ക് ബുക്കും ചോദ്യാവലിയും നൽകി പരിശീലിപ്പിക്കൽ | എല്ലാ ദിവസവും | ഭാഷാധ്യാപകർ | 1000/- പി.ടി.എ |

## വിജ്ഞാന വിസ്മയം

**മേഖല: അക്കാദമികം**

**പ്രവർത്തനം - 56**

പേര് : ഗവേഷണ പ്രൊജക്ടുകൾ

ഉപമേഖല : വിജ്ഞാന വിസ്മയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ പഠനത്തോടുള്ള അഭിരുചി വളർത്തുക | പാഠഭാഗങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കുക, അവയുടെ പ്രവർത്തനക്രമം ചിത്രസഹിതം പ്രത്യേക ബുക്കിൽ വരച്ച് രേഖപ്പെടുത്തുക | വർഷം മുഴുവൻ | എസ്.ആർ.ജി. ശാസ്ത്ര അധ്യാപകർ | 5000/- പി.ടി.എ. എസ്.എസ്.എ. |

## സ്നേഹസദസ്സ്

**മേഖല: അക്കാദമികം**

**പ്രവർത്തനം - 57**

പേര് : ചർച്ച

ഉപമേഖല : സ്നേഹസദസ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അദ്ധ്യാപകരുടെ ആശയവിനിമയം, കൂട്ടായ്മ | തുറന്നമനസ്സോടെ ആശയവിനിമയം, പാഠപ്രവർത്തനങ്ങൾ ആസൂത്രണം | മാസം തോറും | SRG Co-ordinator | |

ഭാഗം – 2

## മേഖല: ഭൗതികം

### പ്രവർത്തനം – 58

പേര് : കുടിവെള്ള വിതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ ശുദ്ധീകരിച്ച് പ്യൂരിഫെയറുകളിലൂടെ കുടിവെള്ള വിതരണം ക്രമപ്പെടുത്തൽ മറ്റ് ആവശ്യങ്ങൾക്കുള്ള ജലം യഥേഷ്ടം ലഭ്യമാക്കൽ | വർഷം മുഴുവൻ | നഗരസഭ, പി.ടി.എ, ഹെൽത്ത് ക്ലബ് | 200000/- നഗരസഭ |

### പ്രവർത്തനം – 59

പേര് : യോഗ പരിശീലന കേന്ദ്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി, ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിന് വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നുവീതം | പി.ടി.എ. | 200000/- എം.എൽ.എ. ഫണ്ട് |

### പ്രവർത്തനം – 60

പേര് : ജനറേറ്റർ സ്ഥാപിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈടെക് ക്ലാസ് റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | ഒരു വർഷം | പി.ടി.എ. | 2000000/- എം.പി.ഫണ്ട് |

## പ്രവർത്തനം - 61

പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം (ദീർഘം) | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, ടി.സി. രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | രണ്ടു വർഷം | എച്ച്.എം, ക്ലാർക്ക്, SITC | 500000/- സി.എസ്. ആർ. ഫണ്ട് |

## പ്രവർത്തനം - 62

പേര് : മാലിന്യ സംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും, അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | HM, PTA, SRG | 100000/- മുനിസിപ്പാലിറ്റി |

## പ്രവർത്തനം - 63

പേര് : ഓഡിറ്റോറിയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം (ദീർഘം) | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി മീറ്റിംഗുകൾ സംഘടിപ്പിക്കൽ | മീറ്റിംഗുകൾ, ആനിവേഴ്സറി, വിവിധ ക്ലബുകളുടെ ഉദ്ഘാടനം, കലോത്സവം സംഘടിപ്പിക്കൽ | ഒരു വർഷം | മാനേജ്മെന്റ് , പി.ടി.എ. | 20,00,000/- പി.ടി.എ. സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 64

പേര് : പുതിയ മന്ദിരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം (ദീർഘം) | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയ മന്ദിരം, ഹൈടക് മാതൃകയിൽ പണിത് സ്മാർട്ട് ക്ലാസ്റൂം സജ്ജമാക്കൽ | രണ്ടു വർഷം | മാനേജ്മെന്റ് , പി.ടി.എ | 65 ലക്ഷം എം.എൽ.എ ഫണ്ട് |

പ്രവർത്തനം – 65

പേര് : സ്മാർട്ട് കിച്ചൺ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആധുനികമായ സൗകര്യങ്ങളോടു കൂടി കിച്ചൺ നിർമ്മിക്കൽ | മൂന്നു മാസം | മാനേജ്മെന്റ് , പി.ടി.എ. | 10 ലക്ഷം എം.എൽ.എ. ഫണ്ട്, നഗരസഭ |

**പ്രവർത്തനം – 66**

പേര് : ശൗചാലയ നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം (ദീർഘം) | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യ ശുചിത്വം | ശൗചാലയങ്ങൾ നവീകരിച്ച് ആധുനിക സൗകര്യങ്ങൾ ഒരുക്കൽ, ഗേൾസ് ഫ്രെണ്ട്ലി ടോയ്ലെറ്റുകൾ സ്ഥാപിക്കൽ | രണ്ടു വർഷം | പി.ടി.എ. | 10 ലക്ഷം എം.എൽ.എ ഫണ്ട് |

**പ്രവർത്തനം – 67**

പേര് : മഴക്കുഴി നിർമ്മിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജലസംരക്ഷണപ്രവർത്തനം | പ്രവർത്തനങ്ങൾ നിലവിലുള്ള മഴക്കുഴി നവീകരിച്ച് സംരക്ഷിക്കൽ | ഒരു വർഷം | പി.ടി.എ. | 100000/- നഗരസഭ |

**പ്രവർത്തനം – 68**

പേര് : ബയോഗ്യാസ് പ്ലാന്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവ മാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം അനർട്ട് |

പ്രവർത്തനം - 69

പേര് : സൗരോർജ്ജ പാനൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം (ദീർഘം) | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോത സ്സുകളെ ഉപയോഗ പ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗര്യോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | മൂന്നു വർഷം | പി.ടി.എ. | 10 ലക്ഷം എം.എൽ.എ. ഫണ്ട് |

## ഭാഗം - 3

## മേഖല: സാമൂഹികം

പ്രവർത്തനം - 70

പേര് : പുസ്തകസമാഹരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അട ങ്ങുന്ന ചെറുസംഘം സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥ ശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷ ത്തിൽ ഒന്ന് | എസ്.ആർ.ജി. സ്കൂൾ പാർല മെന്റ് | |

പ്രവർത്തനം - 71

പേര് : സ്കൂൾ കലണ്ടർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മിക വുകൾ സമൂ ഹവുമായി പങ്കുവ യ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസകലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാ ക്കൾക്കും പൊതുസമൂഹത്തിനും നൽകൽ | വർഷ ത്തിൽ ഒന്ന് | എസ്.ആർ.ജി. പി.ടി.എ. | 10000/- പരസ്യം |

## പ്രവർത്തനം – 72

പേര് : വയോജന വന്ദനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിന് മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. കുട്ടികൾ ആശയവിനിമയം നടത്തി വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് | ഒ.എസ്.എ. എസ്.ആർ.ജി. | |

## പ്രവർത്തനം – 73

പേര് : പൂർവ്വവിദ്യാർത്ഥി സംഗമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ച് ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി. ഒ.എസ്.എ. | 50000/- ഒ.എസ്.എ. |

## പ്രവർത്തനം – 74

പേര് : ഗുരുവന്ദനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ അദ്ധ്യാപകരെ വിളിച്ച് ചേർത്ത് സമിതി രൂപീകരിക്കൽ | വർഷത്തിൽ ഒന്ന് | സ്റ്റാഫ് കൗൺസിൽ | 10000/- സ്റ്റാഫ് ഫണ്ട് |

## പ്രവർത്തനം – 75

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ ചേരുക. | വർഷത്തിൽ ഒന്ന് | എസ്.എസ്.ജി. എസ്.ആർ.ജി. | 10000/- |

## പ്രവർത്തനം – 76

പേര് : വായനാകൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയവിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | |

## പ്രവർത്തനം – 77

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക. | മികവാർന്ന വിധത്തിൽ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒന്ന് | പി.ടി.എ. എസ്.ആർ.ജി. | 5000/- പി.ടി.എ. ഫണ്ട് |

പവർത്തനം – 78

മേഖല : സാമൂഹികം , ജീവകാരുണ്യം

പേര് : പൊതിച്ചോറ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും ഇതര ജീവനക്കാരും 5-10 ഭക്ഷണപൊതികൾ കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ച് കൊടുക്കൽ | വർഷത്തിൽ രണ്ട് | എസ്.ആർ.ജി. എസ്.എസ്.ജി. | |

അക്കാദമിക് നിലവാരം ഉയർത്തിക്കൊണ്ട് സ്കൂളിനെ നൂറുമേനിയിലേക്ക് എത്തിക്കാൻ ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളാണ് ഈ വർഷം സ്കൂൾ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

സ്കൂളിന്റെ അക്കാദമികമായ ഉയർച്ചക്ക് ആയിട്ട് ഒട്ടേറെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സ്ക്കൂൾ ലൈബ്രറി നവീകരിച്ച് കുട്ടികളുടെ വായനാഭിരുചി മെച്ചപ്പെടുത്തുവാൻ ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു. കുട്ടികളിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിനായി ഹരിത സ്പർശം പരിപാടി നടത്തുവാൻ തീരുമാനിച്ചു. അതോടൊപ്പം പഠന നിലവാരം ഉയർത്തുന്നതിനായി ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ എന്നിവ തുടർച്ചയായി നടത്തുവാനും ക്ലാസ് പിടിഎ സജീവമായി നിലനിർത്തുവാനും ഈ വർഷം തീരുമാനിച്ചു.

ശാസ്ത്രാഭിരുചി വളർത്തുവാനും പഠനം ക്ലാസ് മുറികളിൽ ഒതുക്കി നിർത്താതെ വിശാലമാക്കുന്നതിനും വേണ്ടി സയൻസ് ലാബുകൾ, IT ലാബ് എന്നിവ വനീകരിച്ച് പ്രവർത്തന സജ്ജമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. കുട്ടികളുടെ പഠനനിലവാരത്തിന് മുൻതൂക്കം നൽകിക്കൊണ്ട് ഓരോ മാസവും പരീക്ഷകൾ നടത്തുകയും പഠന നിലവാരം കൃത്യമായി രക്ഷാകർത്താക്കളെ അറിയിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം സ്ക്കൂളിന്റെ അക്കാദമിക് കൗൺസിൽ രൂപീകരിക്കുകയും ആ തീരുമാനങ്ങൾ എല്ലാ അധ്യാപകരും കൃത്യമായി പാലിക്കപ്പെടേണ്ടതാണ് എന്നും തീരുമാനിച്ചു. ഓരോ മാസവും വിഷയാടിസ്ഥാനത്തിൽ അധ്യാപകർ ഒത്തുചേർന്ന് അതാതുവിഷയത്തിന്റെ പാഠനിലവാരം വിലയിരുത്തുകയും ആ മാസം ചെയ്തു തീർക്കേണ്ട പഠന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

സമൂഹ നന്മ മുൻനിർത്തികൊണ്ട് കുട്ടികൾക്ക് ലഹരി വിരുദ്ധ ക്ലാസ്സുകളും യോഗ ക്ലാസുകളും നടത്തുന്നു. കായിക വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ ഉല്ലാസത്തിനുതകുന്ന രീതിയിലൂടെ പ്രവർത്തനങ്ങൾ നടത്തുന്നു. Football, Cricket, Badminton തുടങ്ങിയ ഇനത്തിൽ രാവിലേയും, വൈകുന്നേരവും പ്രത്യേക പരിശീലനങ്ങൾ കൊടുക്കുന്നു.

വ്യക്തിയുടെ സർവ്വതോൻമുഖ വളർച്ചക്ക് പഠനം മാത്രം പോരാ എന്ന തിരിച്ചറിവോടെ ഓഗസ്റ്റ് മാസം തന്നെ സ്കൂൾ യൂത്ത് ഫെസ്റ്റിവെൽ സംഘടിപ്പിക്കുകയും അതിൽ മികച്ച പ്രകടനം കാഴ്ച്ച വെയ്ക്കുന്ന കുട്ടികളെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പങ്കെടുപ്പിക്കാൻ ആവശ്യമായ സഹകരണങ്ങൾ സ്ക്കൂളിന്റെ ഭാഗത്തു നിന്നും ഉറപ്പുവരുത്തിയിട്ടുണ്ട്.

**ഭൗതികം**

മെച്ചപ്പെട്ട ഭൗതീകസാഹചര്യങ്ങളാണ് സ്കൂളിനുള്ളത്. കുട്ടികളുടെ കായിക ക്ഷമത ഉറപ്പുവരുത്തുന്ന തരത്തിലുള്ള കളിസ്ഥലം ആണ് സ്കൂളിനുള്ളത്. കുട്ടികളുടെ എണ്ണത്തിന് അനുപാതികമായിട്ടുള്ള ശൗചാലയങ്ങൾ ഉണ്ട്. ബാഹ്യ ഇടപെടലുകൾ സ്കൂൾ കോമ്പൗണ്ടിൽ ഉണ്ടാകാതിരിക്കാൻ സ്കൂളിന്റെ ചുറ്റുമതിൽ കൂടുതൽ ഉറപ്പുള്ളതാക്കാൻ വേണ്ടി ക്രമം നടത്തും. അതോടൊപ്പം സ്കൂൾ ഓഡിറ്റോറിയം നിർമ്മാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. അടച്ചുറപ്പുള്ള സ്മാർട്ട് ക്ലാസ് മുറികൾ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി ലാബുകൾ, ഐ.ടി ലാബ് എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

**സാമൂഹികം**

NCC, NSS, Scout & guide തുടങ്ങിയ സേവന സംഘടനകൾ അധ്യാപകരുടെ നേതൃത്വത്തിൽ ഹയർ സെക്കണ്ടറി തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. എൻഎസ്എസിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ ഒരു പ്രദേശം ദത്തുഗ്രാമമായി ഏറ്റെടുക്കുകയും അവിടെ ആരോഗ്യ പ്രവർത്തനങ്ങൾ, ശുചീത്വ ബോധവൽക്കരണം, കമ്പ്യൂട്ടർസാക്ഷരത, പച്ചക്കറിത്തോട്ടനിർമ്മാണം തുടങ്ങിയ അനേകം സാമൂഹിക പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ Scout & guide കുട്ടികൾ ഹെൽത്ത് സെന്ററിന്റെ

**പരിമിതികൾ**

സ്ക്കൂളിന് നല്ല ഒരു ലൈബ്രറി ഇല്ല. ഒരു കരിയർ ഗൈഡൻസ് ക്ലാസ്, സെമിനാർ എന്നിവ സംഘടിപ്പിക്കുന്നതിന് ഒരു നല്ല ഹാൾ ഇല്ല.

# വേറിട്ട പദ്ധതികൾ

കുട്ടികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക എന്നതാണ് നേരറിയും നേരം എന്ന വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. സ്കൂളിലെ അഞ്ചുമുതൽ പന്ത്രണ്ട് വരെ ക്ലാളിലെ കുട്ടികൾക്ക് എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കുള്ള വിശ്രമവേളയിലാണ് ഈ പരിപാടി നടത്തുന്നത്. വിവിധ ക്ലാസിലെ കുട്ടികൾക്ക് ഇവിടത്തെ അധ്യാപകരും, പുറമെനിന്നുള്ള വിദഗ്ധരുമാണ് ക്ലാസുകൾ എടുക്കുന്നത്. ലഹരി വിമുക്ത ബോധവൽക്കരണം, വ്യക്തിത്വ പരിശീലനം, പരിസ്ഥിതി സൗഹൃദ സമീപനം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. കുട്ടികൾ തന്നെ സംഘാടകരാകുന്ന ഈ ക്ലാസുകൾ അവരുടെയും അധ്യാപകരുടെയും വ്യക്തിത്വ വികസനത്തിന്റെ വേദി കൂടിയാണ്. നമ്മുടെ കുട്ടികൾക്ക് ശരിയായ ദിശാബോധം നൽകാൻ ഈ പദ്ധതി പ്രയോജനപ്പെടുന്നു.

**2. സ്വപ്നതുള്ളികൾ (Dream Drops)**

മിടുക്കരിൽ മിടുക്കരുടെ സംഗമം.

പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവു പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനവും പ്രചോദനവും നൽകുവാനുദ്ദേശിച്ചുകൊണ്ടുള്ള പരിപാടി. ഡോ. കലാമിനെ ആദരിച്ചു കൊണ്ട് രൂപം കൊണ്ട സ്വപ്നത്തുള്ളികളുടെ സംഗമം. മികവാർന്ന രീതിയിൽ നടന്നു വരുന്നു. വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പൂർവവിദ്യാർത്ഥികളുമായുള്ള സംവദിക്കൽ, കൈത്താങ്ങ് ആവശ്യമുള്ളവരെ സഹായിക്കൽ തുടങ്ങി അറിവിന്റെ വേറിട്ട പടവുകളിലൂടെ മികവിന്റെ ഉന്നതിയിലേക്ക് തുറന്നിട്ട വാതായനങ്ങളാണ് ഈ പദ്ധതിയിലെ പ്രവർത്തനങ്ങളോരോന്നും.

**3. ഹരിതകണങ്ങൾ (Green Drops)**

മലയാളിക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്ന കാർഷിക സമൃദ്ധി തിരികെ കൊണ്ടുവരുവാൻ, കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുകയാണ് അഭികാമ്യം എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ നിന്നാണ് "Green Drops" എന്ന പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. മണ്ണിലും മട്ടുപ്പാവിലുമായി പലതരം ഫലവൃക്ഷങ്ങളും പച്ചക്കറികളും, പൂച്ചെടികളും, ഔഷധ സസ്യങ്ങളും കുട്ടികളുടെ പൂർണമായ പരിചരണത്തിൽ നട്ടുവളർത്തുന്നു. 'ഗുരുകർഷകോത്തമ', 'ബാലകർഷകോത്തമ' എന്നീ അവാർഡുകൾ നൽകി അധ്യാപകരേയും, കുട്ടികളേയും പ്രോത്സാഹിപ്പിക്കുന്നു.

4. ആർദ്രസംഗമം

ഭിന്നശേഷിക്കാരായ കുട്ടികളും, അവരുടെ മാതാപിതാക്കളും സമൂഹത്തിൽ ഒറ്റപ്പെടുന്നതായി കാണാം. പരിധിയില്ലാത്ത കഴിവുകളുടെ ഉടമകളാണ് തങ്ങളെന്ന തിരിച്ചറിവിലേക്ക് അവരെ നയിക്കുവാനും ഓരോരുത്തരിലുമുള്ള കഴിവിനെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും ആത്മാർത്ഥമായി ശ്രമിക്കുന്ന പരിപാടിയാണ് ആർദ്രസംഗമം. കുട്ടികളോടൊപ്പം തന്നെ രക്ഷിതാക്കളും തുല്യപങ്കാളിത്തം വഹിക്കുന്ന കൂട്ടായ്മയാണിത്.

5. സ്നേഹസ്പർശം

ജീവിതയാത്രയിൽ പ്രിയപ്പെട്ടവരുടെ വേർപാട് സൃഷ്ടിക്കുന്ന മുറിവ് ഉണക്കുവാൻ ഒരു പക്ഷെ ഒരിക്കലും സാധിച്ചെന്ന് വരില്ല. പക്ഷെ അതിന്റെ തീവ്രത കുറക്കാൻ അവസരോചിതമായ ഇടപെടലുകൾക്ക് സാധിക്കുന്നു. മാതാപിതാക്കൾ പല കാരണങ്ങൾകൊണ്ടും നഷ്ടപ്പെട്ട കുട്ടികളിൽ ആത്മവിശ്വാസം പകർന്ന് പ്രതികൂലനങ്ങളെ തരണം ചെയ്യുവാനുള്ള കരുത്ത് പ്രദാനം ചെയ്കയെന്ന ലക്ഷ്യത്തോടെയാണ് സ്നേഹസ്പർശം ഒരുക്കുന്നത്

7. കനിവിൻ കാലൊച്ചകൾ

കുട്ടികളിൽ മറ്റുള്ളവരോടുള്ള അനുകമ്പ, സഹാനുഭൂതി, കരുതൽ എന്നീ സദ്ഗുണങ്ങൾ വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. അതിന്റെ ഭാഗമായി ദുരിതമനുഭവിക്കുന്ന കുട്ടികൾക്കുള്ള സഹായങ്ങൾ, നടത്തി വരുന്നുണ്ട്. സഹപാഠിക്കൊരു സ്നേഹവീട്, ഹൃദയപൂർവ്വം (രോഗികൾക്കുള്ള ചികിത്സാസഹായം, ഭവനസന്ദർശനങ്ങൾ), കാൻസർ രോഗികൾക്കുള്ള കേശദാനപദ്ധതി എന്നിവ ഈ വർഷം നടത്തിയവയാണ്.

8. പഠനത്തിലെ പടവുകൾ

അക്കാദമിക രംഗത്ത് കുട്ടികളെ മുന്നോട്ടു കൊണ്ടുവരാനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. നവപ്രഭ, ശ്രദ്ധ എന്നീ പരിപാടികൾ വളരെ വിജയപ്രദമായി നടന്നുകൊണ്ടിരിക്കുന്നു. പഠനപ്രവർത്തനത്തിന്റെ ഭാഗമായി നിർമ്മിച്ച ഷോർട്ട്ഫിലിമിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്. കൂടാതെ കുട്ടികളും രക്ഷകർത്താക്കളും അധ്യാപകരും ഒരുമിച്ചു ചേർന്നുള്ള പഠനയാത്രകളും ഞങ്ങൾ നടത്തി വരു

ന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകം നൈറ്റ് ക്ലാസുകൾ നടത്തിവരുന്നു. ഐ.സി.റ്റി. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള പഠനാന്തരീക്ഷമാണ് ഒരുക്കിയിരിക്കുന്നത്.

**10. അക്ഷരവെളിച്ചം**

അഞ്ചു മുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ അടിസ്ഥാന കാര്യങ്ങളിൽ പിന്നിലുള്ളവരെ മുന്നിലേക്കെത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. എഴുതുവാനും വായിക്കാനും അറിയില്ലാത്ത കുട്ടികളെ അതിന് പ്രാപ്തരാക്കാൻ ഈ പരിപാടി സഹായകരമാണ്. ശനിയാഴ്ചയും, വൈകുന്നേരങ്ങളിലും അധ്യാപകർ മുതിർന്ന ക്ലാസിലെ കുട്ടികളുടെ സഹായത്തോടെ, വർക്ക് ബുക്കും, പ്രത്യേക ചോദ്യാവലിയും ഉൾപ്പെടുത്തിയാണ് ഈ ക്ലാസ് നടത്തുന്നത്. കുട്ടികളിൽ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ മികച്ച ഒരു ലൈബ്രറിയുടെ പ്രവർത്തനം അതിമനോഹരമായി നടന്നു വരുന്നു.

**11. വിജ്ഞാന വിസ്മയം**

വിവിധ വിഷയങ്ങളിൽ പുതിയ സൃഷ്ടികൾ, ആശയങ്ങൾ, പ്രൊജക്ടുകൾ, തത്വസംഹിതകൾ എന്നിവ നൽകാൻ ശേഷിയുള്ള കുട്ടികളുടെ പഠനനേട്ടങ്ങളുടെ പ്രദർശനവും, ബോധ്യപ്പെടുത്തലും ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അവരെ ആദരിക്കലും നടന്നുവരുന്നു.

**12. സ്നേഹ സദസ്സ്**

അധ്യാപകരുടെ ഒരു കൂട്ടായ്മയാണിത്. തുറന്ന മനസ്സോടെ, വിശാലമായ കാഴ്ചപ്പാടിൽ ആശയവിനിമയം നടത്തി വിവിധ പ്രവർത്തനങ്ങളുടെ ആസൂത്രണം ഇത്തരം വേദികളിൽ നടത്തി വരുന്നു.

## മികവുകൾ, നേട്ടങ്ങൾ

| നടപ്പുവർഷം | മുൻവർഷം |
| --- | --- |
| • കായികപ്രതിഭകൾ<br>• നേരറിയം നേരം (മൂല്യ ബോധനം)<br>• ഹരിതകണങ്ങൾ<br>• കനിവിൻ കാലൊച്ചകൾ (സഹപാടികൾക്കൊരു സ്നേഹ വീട്, കേശദാനം)<br>• സ്വപ്നതുള്ളികൾ (പ്രതിഭാസംഗമം)<br>• ആർദ്രസംഗമം<br>• അക്ഷരവെളിച്ചം<br>• പഠനയാത്രകൾ<br>• പഠനത്തിലെ പടവുകൾ<br>• 2020 - ഡോക്യുമെന്ററി<br>• വേറിട്ട പടവുകൾ (ദൃശ്യാവിഷ്കാരം) | • കായിക മേഖല<br>• സ്വപ്നതുള്ളികൾ<br>• ആർദ്രസംഗമം<br>• ഹൃദയപൂർവ്വം-ചിതിത്സ സഹായ പദ്ധതി<br>• വായനാപരിപോഷണം<br>• ലൈബ്രറി ശാക്തീകരണം |

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കുന്നു.
- സമൂഹവുമായുള്ള സ്കൂളിന്റെ ബന്ധം ദൃഢമാകുന്നു.
- സ്കൂളിലേക്ക് കൂടുതൽ കുട്ടികൾ ആകർഷിക്കപ്പെടുന്നു.
- മൂല്യബോധവും ഗുണമേന്മയും ഉള്ള വിദ്യാഭ്യാസം നൽകാൻ കഴിയുന്നു.
- മതേതരത്വം, ലിംഗസമത്വം എന്നീ ആശയങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നു.
- എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾക്കും തുല്യ പരിഗണന നൽകാൻ കഴിയും.
- കുട്ടികളേയും അദ്ധ്യാപകരെയും ആത്മവിശ്വാസമുള്ളവരായി മാറ്റാൻ കഴിയും.
- വിദ്യാഭ്യാസ രംഗത്തെ മൂല്യച്യുതിക്ക് തടയിടാൻ കഴിയുന്നു.

## മോണിട്ടറിംഗ്

- **ദൈനംദിന മോണിട്ടറിംഗ്** - എച്ച്.എം./പ്രിൻസിപ്പൽ, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.
- **സോഷ്യൽ മോണിട്ടറിംഗ്** - പി.ടി.എ., എം.പി.ടി.എ., എസ്.എസ്.ജി, എസ്.ആർ.ജി, ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തുന്നു.

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കിമാറ്റുക എന്ന ഉദ്ദേശം അനുസരിച്ച് ആവിഷ്കരിച്ചിരിക്കുന്ന കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. വിദ്യാഭ്യാസത്തെ സമൂഹ കേന്ദ്രീകൃതമാക്കുന്ന എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. മൂല്യത്തിൽ അധിഷ്ഠിതവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഇതിൽ പങ്കാളികളാവുക എന്നത്. "വിദ്യാഭ്യാസം മനുഷ്യരിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ്" എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകളെ ആധാരമാക്കി എടുത്തുകൊണ്ട് നന്മകളാൽ സമൃദ്ധമായ ഞങ്ങളുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനുമായി ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.